മി. സ്പീക്കർ : ഞാൻ ഒരിക്കൽ അവിടെ പോയപ്പോൾ ഞാനും അതിൽപ്പെട്ടിരുന്നു.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, അത് എല്ലാപേരുടേയും ആവശ്യമാണ്, ഈ സഭയിൽ വന്നതിനുശേഷം ഒട്ടേറെയാളുകൾ അതേപ്പറ്റി സംസാരിച്ചിരുന്നു. ഇതിന്റെ പ്രാധാന്യം കണക്കിലെടുത്ത് വർക്ക് ടെൻഡർ ചെയ്യുന്നതിനുവേണ്ട അടിയന്തിര നടപടികൾ സ്വീകരിക്കുന്നതാണ്.

(11) കോടനാട്-തോട്ടുവാ റോഡ്

ശ്രീ. പി. പി. തങ്കച്ചൻ : സർ, പെരുമ്പാവൂർ നിയോജകമണ്ഡലത്തിൽപ്പെട്ട പൊക്കൽ കൂവപ്പടി പഞ്ചായത്തുകളിൽ കൂടി പോകുന്നതും വളരെ ഗതാഗത തിരക്കുള്ളതുമായ കോടനാട്-തോട്ടുവാ റോഡും ചേലമറ്റം റോഡും കുണ്ടും കുഴിയും ആയി ഗതാഗതയോഗ്യമല്ലാതെ വന്നിട്ടുള്ള സാഹചര്യത്തിൽ ഈ റോഡുകൾ നന്നാക്കി ഗതാഗതയോഗ്യമാക്കി തീർക്കാൻ അടിയന്തിര നടപടികൾ കൈക്കൊള്ളണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : ബഹുമാനപ്പെട്ട ശ്രീ. പി. പി. തങ്കച്ചൻ തന്നെ എന്നോട് ഇതിനുമുമ്പും ഈ പ്രശ്നം ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. കോടനാട്-തോട്ടുവാ റോഡിന്റെ ഉപരിതലം പുതുക്കുന്നതിനുള്ള ടെൻഡർ വിളിച്ചതാണ്, പക്ഷേ, കരാറുകാർ ഉണ്ടായില്ല. അതുകൊണ്ട് കമ്മീഷൻ വ്യവസ്ഥയിൽ ഈ റോഡു മെയിന്റനൻസ് നടത്താൻ വേണ്ട നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. പി. ജെ. ജോസഫ് : ചേലമറ്റം കോടനാട് റോഡിന്റെ ഏതാണ്ട് ഏഴ് മുതൽ ഒൻപത് വരെയുള്ള ഭാഗത്തിന്റെ പണികൾ പൂർത്തിയായി കഴിഞ്ഞിട്ടുണ്ട്. ഒന്ന് മുതൽ ഏഴ് വരെയുള്ള ഭാഗത്ത് അതിന്റെ മെയിന്റനൻസിനു വേണ്ട നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

(12) എടപ്പള്ളി-ചേരാനല്ലൂർ-ചിറ്റൂർ റോഡുകൾ പുതുക്കിപ്പണിയേണ്ടതിന്റെയും എടപ്പള്ളിയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കേണ്ടതിന്റെയും ആവശ്യകത

ശ്രീ. കെ. ബാബു : സർ, വരാപ്പുഴ പാലം തുറന്നതോടുകൂടി എടപ്പള്ളി വഴി അതുപോലെതന്നെ വടുതല ചിറ്റൂർ വഴിയുള്ള യാത്ര വളരെ ദുഷ്ക്കരം ആയിരിക്കുകയാണ്. എൻ.എച്ച്. 17-ൽ ചെറിയപ്പള്ളി മുതൽ എടപ്പള്ളിവരെയുള്ള ഭൂമി അക്വയർ ചെയ്യുന്നതിനുള്ള നടപടികൾ ഇതുവരെ ആയിട്ടില്ല. അതുപോലെതന്നെ എടപ്പള്ളിയിലുള്ള റെയിൽവേ ഓവർബ്രിഡ്ജിന്റെ നിർമ്മാണവും നടക്കേണ്ടതായിട്ടുണ്ട്. ഈ പാലം തുറന്നതിനുശേഷം എടപ്പള്ളി റെയിൽവേ ഓവർബ്രിഡ്ജ് ഇല്ലാത്തതുകൊണ്ട് മണിക്കൂറുകളോളം അവിടെ ഗതാഗത സ്തംഭനം ഉണ്ടാകുകയാണ്. അതുപോലെതന്നെ ചിറ്റൂർ-വടുതലപ്പാലം

LIBRARY ARCHIVES Kerala Legislative Assembly

കൊച്ചി മഹാരാജാവിന്റെ കാലത്ത് നിർമ്മിച്ചതാണ്. ആ പാലത്തിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിന്നുതന്നെ അത് പുതുക്കിപ്പണിയുന്നതിനുള്ള നിർദ്ദേശം ഉണ്ടായിരുന്നു. ചിറ്റൂർ-വടുതലപ്പാലം ബഹുമാനപ്പെട്ട മന്ത്രിതന്നെ നേരിട്ടുപോയി പരിശോധിച്ചിട്ടുള്ളതാണ്. ആ പാലവും പുതുക്കി പണിയേണ്ടതായിട്ടുണ്ട്. വരാപ്പുഴപാലം തുറന്നതോടുകൂടി എടപ്പള്ളി വഴിയും അതുപോലെ തന്നെ ചേരാനല്ലൂർ ചിറ്റൂർ വഴിയും ഉള്ള യാത്ര വളരെയേറെ ദുഷ്ക്കരമായിരിക്കുകയാണ്. അതുകൊണ്ട് ഈ രണ്ടു റോഡുകളും പുതുക്കി നിർമ്മിക്കുന്നതിനും റെയിൽവേ ഓവർബ്രിഡ്ജ് എടപ്പള്ളിയിൽ നിർമ്മിക്കുന്നതിനും ഉള്ള അടിയന്തിര നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഈ സബ്മിഷൻ എനിക്ക് ഇപ്പോഴാണ് കിട്ടിയത്. പക്ഷേ, എനിക്ക് ഈ മേഖലയറിയാം.

മി. സ്പീക്കർ : അങ്ങേക്ക് മറുപടി പറയാം. ഒരു കുഴപ്പവുമില്ല.

ശ്രീ. പി. ജെ. ജോസഫ് : എടപ്പള്ളിയിൽ റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കുന്ന കാര്യം വളരെ മുൻഗണന കൊടുത്തു ചെയ്യേണ്ടതാണ് എന്ന് ഉത്തമ ബോദ്ധ്യമുണ്ട്. അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷനെ തന്നെ പണി ഏല്പിക്കുന്ന കാര്യം ഗൗരവമായിട്ട് ആലോചിക്കാം. ചിറ്റൂർ വഴിയുള്ള റോഡിലെ പാലത്തിന്റെ നിർമ്മാണത്തെ സംബന്ധിച്ച് ധനകാര്യവകുപ്പുമായിട്ട് ആലോചിച്ച് തന്നെ നടപടികൾ സ്വീകരിക്കാം. അത് ആദ്യം റിജക്ട് ചെയ്തു വന്നു അതുകൊണ്ടാണ്. അതിനുവേണ്ട നടപടിയും സ്വീകരിക്കുന്നതാണ്.

(13) തിരുവനന്തപുരം ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ള ജവഹർ നവോദയാ സ്കൂളിന്റെ അദ്ധ്യയനം ഈ വർഷം തന്നെ ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പിരപ്പൻകോട് മുരളി : സർ, തിരുവനന്തപുരം ജില്ലയിൽ കേന്ദ്ര മാനവശേഷി വികസന വകുപ്പിന്റെ കീഴിൽ ഒരു ജവഹർ നവോദയ സ്കൂൾ സ്ഥാപിക്കാൻ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ചെറ്റച്ചൽ ലൈവ് സ്റ്റോക്ക് ഫാമിൽനിന്ന് വാമനപുരം മണ്ഡലത്തിലെ നന്ദിയോട് പഞ്ചായത്തിലെ വട്ടപ്പങ്ങാട്ടിൽ 25 ഏക്കർ സ്ഥലം സംസ്ഥാനഗവൺമെന്റ് വിട്ടുകൊടുത്തിട്ടുണ്ട്. ഈ വർഷം തന്നെ പ്രവർത്തനം ആരംഭിക്കാൻ താൽക്കാലികമായി പേട്ട ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ വിട്ടുകൊടുക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ വിളിച്ചുചേർത്ത ബന്ധപ്പെട്ടവരുടെ യോഗത്തിൽ തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ ഈ വർഷം ക്ലാസുകൾ ആരംഭിക്കത്തക്കവിധം ഏപ്രിൽ 24-ന് പ്രവേശന പരീക്ഷ നിശ്ചയിക്കുകയും ചെയ്തു. എന്നാൽ പേട്ട ഗവൺമെന്റ് ഗേൾസ് ഹൈസ്കൂൾ ഇതിന് ആവശ്യമായ സൗകര്യങ്ങൾ ഇതുവരെ ചെയ്തുകൊടുത്തിട്ടില്ല. അതുകൊണ്ട് പേട്ട ഗവൺമെന്റ് ഗേൾസ് ഹൈസ്കൂളിൽ ആവശ്യമായ സൗകര്യം ചെയ്തുകൊടുത്ത് തിരുവനന്തപുരം ജില്ലയ്ക്ക് ലഭ്യമായ ഈ വിദ്യാഭ്യാസ സ്ഥാപനം നഷ്ടപ്പെടുത്താതിരിക്കാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രത്യേകം ശ്രദ്ധപതിപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly